അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി

18 (*78) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തതിനെത്തുടർന്ന് സംസ്ഥാനത്തെ കുടിനീർ ലഭ്യത ഉറപ്പുവരുത്താൻ അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി ഇനിയും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ പൂർത്തീകരിക്കാനുള്ളത് ;

(സി) അരുവിക്കര ഡാമിനോടു ചേർന്നുള്ള സംഭരണ പ്രദേശങ്ങളുടെ ആഴംകൂട്ടി ജലം സംഭരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) :

(എ&ബി) അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനു നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വേനൽക്കാലങ്ങളിൽ പേപ്പാറ ഡാമിൽനിന്ന് അരുവിക്കരയിൽ ജലമെത്തിച്ചാണ് വിതരണം നടത്തുന്നത്. പേപ്പാറ ഡാമിന്റെ സംഭരണശേഷി 6 മീറ്റർകൂടി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് വരുന്നു.

(സി) ഇപ്പോൾ പദ്ധതികളൊന്നും പരിഗണനയിലില്ല.

മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

19 (*79) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് പണികളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനും പണികളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) മരാമത്ത് പണികൾ കൂടുതൽ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദർഘാസ് ക്ഷണിക്കുന്നത് പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനും വെബ്സൈറ്റിൽനിന്നും ആവശ്യക്കാർക്ക് ദർഘാസ്

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂളുകൾ ഡൗൺലോഡ്ചെയ്ത് ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് കൂടുതൽ അധികാരങ്ങൾ കൈമാറിയിട്ടുണ്ട്. ടെണ്ടർ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ജില്ലാതലത്തിൽ പത്രമാദ്ധ്യമങ്ങൾക്ക് നേരിട്ട് പരിസ്യം നൽകുന്നതിനും ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള സമയ പരിധികുറയ്ക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. സബ് ഡിവിഷൻതലംവരെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുകയും റോഡ് മെയിന്റനൻസ് മോനേജ്മെന്റ് സെൽ രൂപീകരിക്കുകയുംചെയ്തു. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം രൂപകൽപ്പനചെയ്ത് നടപ്പിലാക്കി. പി.ഡബ്ല്യൂ.ഡി. മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി ഒരു കോൾ സെന്റർ (ടോൾ ഫ്രീ നമ്പർ 18004257771) രൂപീകരിച്ചു.

(ബി) പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ടെണ്ടർ ഷെഡ്യൂളുകൾ പൊതുമരാമത്ത് വകുപ്പ് വെബ്സൈറ്റിൽനിന്നും ഡൗൺ ലോഡ്ചെയ്ത് എടുക്കാവുന്ന സംവിധാനം നടപ്പാക്കി. പൊതുജനങ്ങളുടെ പരാതികൾ കേൾക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി ടോൾ ഫ്രീ നമ്പർ (18004257771) സഹിതം പരാതി പരിഹാരസെൽ രൂപീകരിക്കുകയുണ്ടായി. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി ജനപ്രതി നിധികൾ ഉൾക്കൊള്ളുന്ന നിരീക്ഷണസമിതികളും മാദ്ധ്യമ പ്രവർത്തകർ ഉൾപ്പെടുന്ന ഉപദേശക സമിതികളും രൂപീകരിച്ചിട്ടുണ്ട്. വകുപ്പിൽ സോഷ്യൽ ആഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

1. <u>ക്വാളിറ്റി കൺട്രോൾ/പരിശോധനാ വിഭാഗം</u>

പൊതുമരാമത്ത് വകുപ്പിന്റെ നിലവിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം പ്രയോജനപ്രദമല്ല. വകുപ്പിന് സ്വന്തമായി ഒരു പരിശോധനാ വിഭാഗവുമില്ല. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലുള്ള വീഴ്ചകൾ കണ്ടുപിടിക്കുന്നതിനും കഴിയുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളുടെയും സഹകരണത്തോടെ പൊതുമരാമത്ത് വകുപ്പിൽ ഒരു ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ആരംഭിക്കുന്നതാണ്. ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിൽ ഇതിനാവശ്യമായ ലാബുകൾ സജ്ജീകരിച്ച് കുട്ടികളുടെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ക്വാളിറ്റി കൺട്രോൾ/പരിശോധനാവിഭാഗം ശക്തിപ്പെടുത്തുന്നതാണ്.

2. <u>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എച്ച്.ആർ.ഐ.)</u>

കെ.എച്ച്.ആർ.ഐ.-യെ ഉന്നത നിലവാരമുള്ള റിസർച്ച് വിംഗായി ഉയർത്തും. ഡി.ആർ.ഐ.ക്യൂ. (ഡിസൈൻ റിസർച്ച് ഇൻവെസ്റ്റിഗേഷൻ ആന്റ് ക്വാളിറ്റി കൺട്രോൾ), ആർക്കിടെക്ചറൽ വിംഗ് എന്നിവയെ കെഎച്ച്ആർഐ.-യുടെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽകൊണ്ടുവരുന്നതാണ്. ഡി.ആർ.ഐ.ക്യു.-വിനും ആർക്കിടെക്ചറൽ വിംഗിനും പുതിയതായി എറണാകുളത്തും കോഴിക്കോടും ഓരോ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

3. വിജിലൻസ് വിംഗ്

പോലീസ് വകുപ്പിലെ ഐ.ജി. റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഉൾപ്പെടുത്തി വിജിലൻസ് വിഭാഗം ശക്തമാക്കുന്നതാണ്.

4. ഇ-ടെണ്ടറും-ഇ-പേമെന്റും

പൊതുമരാമത്ത് വകുപ്പിന്റെ സുതാര്യതയും അക്കൗണ്ടബിലിറ്റിയും ഉറപ്പുവരുത്തുന്നതിന് ഇ-ടെണ്ടറും, ഇ-പേമെന്റും നടപ്പിലാക്കും.

5. പൊതുമരാമത്തുവകുപ്പിൽ സോഷ്യൽ ഓഡിറ്റ് ഘട്ടംഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

ടോൾ പിരിവ്

20 (*80) ശ്രീ. എൻ അനിരുദ്ധൻ :
ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടോൾ പിരിവ് പരിമിതപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്രയിടങ്ങളിൽ ടോൾ പിരിവ് നടക്കുന്നുണ്ട് ; ഇവിടങ്ങളിൽ ടോൾ പിരിവ് തുടങ്ങിയിട്ട് എത്രകാലം വീതമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ടോൾ പിരിവ് പരിമിതപ്പെടുത്തിയാൽ എത്രയിടങ്ങളിൽ ടോൾ പിരിവ് ഒഴിവാകും ; പരിമിതപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) :

(എ) ഉണ്ട്. 3 കോടി രൂപവരെ നിർമ്മാണച്ചെലവുവരുന്ന പാലങ്ങളെ ടോൾ പിരിവിൽനിന്നും ഒഴിവാക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. 1976-ലെ കേരളാ ടോൾ ആക്ടിൽ ഇതിനുവേണ്ട ഭേദഗതി വരുത്തുന്നതിന് നടപടികൾ സ്വീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly